

# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

# *Laity Reflect on* Syro-Malabar Sunday Mass SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

ഏലിയാ സ്ലീവാ മൂശാക്കാലം ഒന്നാം ഞായർ

2023 സെപ്റ്റംബർ 3



# വെളിച്ചം മങ്ങി, ശബ്ദം ഉയരണം

നിയ 6:20-25, 2 തെസ 1:3-10, ലൂക്ക 18:35 -43

‘വിശ്വാസം രക്ഷിക്കുമെന്നു പറയുന്നതു സത്യമാണോ മാഷേ?’

എട്ടാം ക്ലാസിലെ വിശ്വാസ പരിശീലന വിദ്യാർഥിയുടേതായിരുന്നു ചോദ്യം. ചോദ്യത്തിലേക്ക് അവനെ നയിച്ചതാകട്ടെ, തന്റെ ക്ലാസിൽ കഴിഞ്ഞയാഴ്ച വരെ വിശ്വാസം പരിശീലിപ്പിച്ച പ്രിയപ്പെട്ട അധ്യാപിക നിനച്ചിരിക്കാത്ത നേരത്ത് വാഹനാപകടത്തിൽ മരിച്ച സംഭവമായിരുന്നു.

വിശ്വാസ പരിശീലന ക്ലാസിലെ അധ്യാപികയുടെ ആകസ്മിക മരണം വിദ്യാർഥിയുടെ മനസിൽ വിതച്ചത് ഉള്ളുലയ്ക്കുന്ന സങ്കടം മാത്രമായിരുന്നില്ല; അസ്വസ്ഥതയുണർത്തുന്ന ഒരുപിടി ചോദ്യങ്ങളുമാണ്.

‘ഞങ്ങടെ ടീച്ചറെ അപകടത്തിൽ നിന്നു രക്ഷിക്കാൻ ദൈവത്തിനു പറ്റാതെ പോയതെന്തേ?’

എല്ലാ ദിവസവും പള്ളിയിൽ വരുന്ന, വിശുദ്ധ കുർബാനയിൽ പങ്കുചേരുന്ന, കുടുംബപ്രാർഥനയ്ക്കു പുറമേ ഒറ്റയ്ക്കുള്ള പ്രാർഥനകൾക്കു പ്രത്യേക സമയങ്ങൾ മാറ്റിവയ്ക്കുന്ന, ഡോക്ടറെന്ന നിലയിൽ ജോലിയോട് പൂർണമായ ആത്മാർഥതയുള്ള, മാതാപിതാക്കളുടെയും നാടിന്റെയും പ്രിയപ്പെട്ടവളായി ജീവിച്ച, പേരിലെന്ന പോലെ ജീവിതത്തിലും ക്രിസ്തുവിനെ ഓർമിപ്പിക്കുന്ന..... നന്മകൾ ഏറെയുള്ള അധ്യാപികയുടെ 45 വർഷം മാത്രമെത്തിയ ജീവിതയാത്രയാണ് എല്ലാവരെയും തീരാദുഖത്തിലാഴ്ത്തി അകാലത്തിൽ അസ്തമിച്ചത്.

രാവിലെ ദിവ്യബലിയിൽ പങ്കെടുത്തു ജോലി സ്ഥലത്തേക്കു പോകുംവഴിയായിരുന്നു, മരണം ഇടയ്ക്കു തടഞ്ഞുനിർത്തി കൂട്ടിക്കൊട്ടുപോയതെന്നതും എട്ടാം ക്ലാസുകാരന്റെ ചോദ്യത്തിന് അടിവരയിട്ടു. ചോദ്യങ്ങൾ അവനിൽ നിന്നു മുതിർന്നവരിലേക്കും പടരാൻ വലിയ സമയം വേണ്ടിവന്നില്ല...!



സിജോ പൈനാടത്ത്

## വിശ്വാസം- രക്ഷ

'നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു' (ലൂക്ക 18.42) എന്നതാണ് ഏലിയാ സ്ലീവാ മൂശാക്കാലത്തിലെ ആദ്യഞായറിന്റെ ഹൈലൈറ്റ്. ഇരുട്ടിൽ നിന്നു പ്രകാശത്തിലേക്കുയരാൻ, അതിൽ നിന്നു രക്ഷ സ്വന്തമാക്കാൻ വിശ്വാസ മാണു വഴിയെന്ന് ഒറ്റവരിയിൽ സംഗ്രഹിക്കപ്പെടുന്ന സുവിശേഷം. രക്ഷയ്ക്കു കുരിശ് എന്നുകൂടി പര്യായമുണ്ടെന്നും ഓർക്കേണ്ട കാലം.

## ശബ്ദം - വെളിച്ചം

ക്രിസ്തു സുഖപ്പെടുത്തുന്ന അന്ധയാചകൻ ബെർതിമേയൂ സാണെന്നു മർക്കോസിന്റെ സുവിശേഷം (10.46). തിമേയൂസിന്റെ പുത്രനായ ബെർതിമേയൂസ്. മത്തായിയുടെ സുവിശേഷത്തിൽ ഒന്നല്ല, അന്ധരായ രണ്ടു പേരെയാണു ക്രിസ്തു സുഖമാക്കുന്നത്.

ആൾക്കൂട്ടത്തിൽ ശ്രദ്ധിക്കപ്പെ ടാതെ പോകുമായിരുന്ന അന്ധ യാചകൻ, ക്രിസ്തുവിന്റെ ശ്രദ്ധ ക്ഷണിക്കാൻ തന്റെ ശബ്ദത്തെ പ്രയോജനപ്പെടുത്തുന്നുണ്ട്. ക്രിസ്തുവിൽ നിന്നു തനിക്കു കാഴ്ച ലഭിക്കുമെന്ന ഉറച്ച ബോധ്യമാണ് അവന്റെ ശബ്ദത്തിനു കരുത്തായത്.

തീക്ഷ്ണതയോടെ ഉച്ചത്തിലുയരുന്ന ആത്മാർഥതയുള്ള ശബ്ദം അതെത്തേണ്ട കാതുകൾക്ക് സംഗീതമാകും. ശബ്ദമുയർത്തി യവനെ അവൻ തന്റെ ചാരേ ചേർത്തു നിർത്തും... മനസറിയും... സ്പർശിക്കും... കാഴ്ച നൽകും... പ്രകാശം പരത്തും. (10:4043).

വെളിച്ചം മങ്ങുമ്പോൾ അതു തിരിച്ചുപിടിക്കാൻ ശബ്ദം ഉറക്കെ ഉയരേണ്ടതുണ്ട്. നടക്കുന്നത് ഇരുട്ടിലാണെന്ന് ചങ്കൂറ്റത്തോടെ ഉറക്കെ പറയുകയും വെട്ടത്തിനായി ദാഹിക്കുകയും ചെയ്യുന്നവനെത്തേടി അവൻ- നിത്യപ്രകാശമായവൻ - വരിക തന്നെ ചെയ്യും.



## ശകാരം- സമന്വയം

'മുമ്പേ പൊയ്ക്കൊണ്ടിരുന്നവർ നിശബ്ദനായിരിക്കാൻ പറഞ്ഞ് അവനെ ശകാരിച്ചു. അവനാകട്ടെ, കൂടുതൽ ഉച്ചത്തിൽ ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ എന്നു നിലവിളിച്ചുകൊണ്ടിരുന്നു.' (18:39).

വെട്ടത്തിനായി ശബ്ദങ്ങളുയരു മ്പോൾ മിണ്ടരുതെന്ന് ആക്രോശി ക്കുന്ന ശകാരഭാഷ ചുറ്റും കേൾക്കും. നിത്യപ്രകാശമായവന്റെ വെട്ടങ്ങൾ കിട്ടാതെ പോയ ആൾക്കൂട്ടങ്ങളുടേ താണു ശകാരഭാഷ. എന്നും ഇരുട്ടിനെ ആഘോഷിക്കുന്നതിൽ ക്രൂരമായ സുഖം കണ്ടെത്തുന്ന, വെളിച്ചമിങ്ങെത്തിയാൽ കെട്ടിയ വേഷങ്ങൾ അഴിച്ചുവയ് ക്കേണ്ടിവരുമെന്നു പരിഭവിക്കുന്ന ആൾക്കൂട്ടം....

ക്രിസ്തുവിനു വേണ്ടിയെന്നും അവന്റെ തിരുബലിയ്ക്കു വേണ്ടിയെ ന്നുമുള്ള അവകാശവാദത്തോടെ കൊണ്ടാടപ്പെടുന്ന ആൾക്കൂട്ട, അധികാര പ്രയോഗങ്ങളും അതിലെ ശകാരഭാഷകളും പരിശോധിക്ക പ്പെടണം; അതിൽ നിത്യപ്രകാശമായ വന്റെ വെട്ടം ഉണ്ടാകാനിടയില്ല. സംവാദത്തിന്റെയും സമന്വയത്തിന്റെ യും സമാധാനത്തിന്റെയും ഭാഷകളാണ് വെട്ടത്തിലേക്കെത്തി ക്കുക.

ആൾക്കൂട്ടങ്ങളുടെ ശകാര ഘോഷങ്ങൾക്കിടയിലും, ഉറച്ച മനസുകളിൽ നിന്ന് ഉറക്കെയുയരുന്ന ശ്രദ്ധ ക്ഷണിക്കലുകളുടെ ശബ്ദങ്ങൾ നാളെ ഉജ്വലശോഭയുടെ പ്രകാശം പരത്തുക തന്നെ ചെയ്യും. ആൾക്കൂട്ട ത്തിന്റെ കലഹഭാഷയേക്കാൾ വെട്ടം തേടുന്നവരുടെ സമന്വയഭാഷയ്ക്കു കാലം കാതോർക്കുന്നുണ്ട്.

## ദുരിതം-ദൈവരാജ്യം

വിശ്വസിച്ചിട്ടും എന്തുകൊണ്ടു ദുരിതം? ആ എട്ടാം ക്ലാസുകാരന്റെ സംശയത്തിന് ഉത്തരം കൊടുക്കണ്ടേ? ഇന്നു പൗലോസ് ശ്ലീഹായുടെ ലേഖനത്തിലുണ്ട് ഉത്തരസൂചിക.

'സഹനങ്ങളും കുരിശുകളും ദൈവരാജ്യത്തിനു വേണ്ടിയാണ്. ആ ദൈവരാജ്യത്തിനു നാം അർഹരാക്ക പ്പെടണമെന്ന ദൈവത്തിന്റെ നീതിപൂർവകമായ നിശ്ചയത്തിനുള്ള തെളിവാണിവയെല്ലാം.' (2 തെസ. 1:5)

പീഡകളിലും ദുരിതങ്ങളിലും സ്ഥൈര്യവും വിശ്വാസവും മുറുകെ പ്പിടിക്കുന്നതു ദൈവത്തെപ്രതി അഭിമാനകരമാണെന്നും (1:4) പൗലോസ് ശ്ലീഹായുടെ ബോധനം.

ദുരിതങ്ങളിൽ വിശ്വാസത്തിനു നേരെ ചോദ്യങ്ങളുയരുക സ്വാഭാ വികം; അപ്പോഴും വിശ്വാസ സ്ഥൈര്യ ത്തിൽ ജീവിക്കാനുള്ള വെളിച്ചം കിട്ടുകയെന്നതു ദൈവീകം.

ആമ്മേൻ

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com